കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) അതെ.

(ബി, സി) 1-3-2000 മുതൽ നിലവിൽ വന്ന ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള സ്വതന്ത്ര വ്യാപാരക്കരാർ അനുസരിച്ച് സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കാർഷികോല്പന്നങ്ങളും ശ്രീലങ്കയിൽനിന്നും ഇറക്കുമതി ചെയ്യുന്നതിന് 90 ശതമാനം ഡ്യൂട്ടിയിൽ സൗജന്യമനുവദിച്ചിരുന്നു. എന്നാൽ 18-3-2003 മുതൽ ഈ സൗജന്യം 100 ശതമാനമാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്.

അതിനാൽ ശ്രീലങ്കയിൽനിന്നുള്ള അമിതമായ കുരുമുളക് ഇറക്കുമതി നിയന്ത്രിക്കുന്നതിനായി ഡ്യൂട്ടിയിൽ സൗജന്യമനുവദിച്ചുകൊണ്ടുള്ള ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തുകയോ മിതമായ നിരക്കിലുള്ള ഇറക്കുമതി തീരുവ പുനഃസ്ഥാപിക്കുകയോ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) വിയറ്റ്നാം, ഗ്വാട്ടിമല എന്നീ രാജ്യങ്ങളിൽനിന്നും ശ്രീലങ്കയിൽ ഇറക്കുമതി ചെയ്യപ്പെടുന്ന കുരുമുളക് സ്വീച്ച് ട്രെയിഡ് അടിസ്ഥാനത്തിൽ ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യാനുള്ള സാധ്യതയുള്ളതായി അറിയുന്നു. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

(ഇ) തീരുവരഹിത ഇറക്കുമതിക്ക് അനുമതി കൊടുത്തതിനാൽ ശ്രീലങ്കയിൽനിന്നും വൻതോതിൽ കുരുമുളക് ഇറക്കുമതി നടക്കുന്നതായി അറിയുന്നു.

ഈ അമിതമായ ഇറക്കുമതി കാരണം കുരുമുളകിന്റെ വില സാരമായി കുറഞ്ഞിട്ടുണ്ട്. ഇതിന് പ്രതിവിധി കാണാനായി ഇറക്കുമതി തീരുവയിൽ മാറ്റം വരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) കേന്ദ്രസർക്കാർ തലത്തിൽ നടപടി കൈക്കൊള്ളേണ്ട കാര്യമാണ്.

കാലാവസ്ഥയ്ക്ക് യോജിച്ച മരങ്ങളും ചെടികളും നട്ടുവളർത്താൻ നടപടി

*9 [797] ശ്രീ. എ. സി. ഷൺമുഖദാസ്:
„ കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിത ദാസൻ നാടാർ:
ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേക കാലാവസ്ഥയ്ക്ക് യോജിച്ച രീതിയിൽ കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന മരങ്ങളും ചെടികളും എന്തൊക്കെയാണ്;

(ബി) ഇവ നട്ടുവളർത്താൻ ജനങ്ങളെ സഹായിക്കാൻ അവയുടെ തൈകൾ വിതരണം ചെയ്യാനും കൃഷി ആവശ്യത്തിനും വേണ്ട മറ്റ് സഹായങ്ങൾ ചെയ്യാനും എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് വനംവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് വനം മേഖലയിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ യോജിച്ച് നടത്തുന്നുണ്ടോ;

(ഡി) സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി മരംവച്ചുപിടിപ്പിക്കുന്ന അവസരത്തിൽ കൃഷിവകുപ്പ് ഏതെങ്കിലും വിലപിടിപ്പുള്ളതായ മരത്തിന്റെ തൈകൾ നട്ടുപിടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) താഴെ പറയുന്ന മരങ്ങളും ചെടികളും കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്നവയാണ്:

തെങ്ങ്, കമുക്, റബ്ബർ, തേക്ക്, ഈട്ടി, മഹാഗണി, ആഞ്ഞിലി, പ്ലാവ്, മരുത്, അയണി, വാക, വേങ്ങ, മുള, കാറ്റാടി, മാഞ്ചിയം, ചന്ദനം, വെള്ളപ്പൈൻ, ഉങ്ങ്, സിൽവർ ഓപ്പ്, വേപ്പ്, ഞാവൽ, അഗത്തി, അകിൽ, അംകോലം, അമൽപ്പൊരി, സർപ്പഗന്ധി, അമൃത്, അരളി, അശോകം, ആടലോടകം, ആവണക്ക്, ഇലവ്, ഉമ്മം, കച്ചോലം, കയ്യോന്നി, കരിംകുറുഞ്ഞി, കരിംകൂവളം, കരിനൊച്ചി, കരിവേപ്പ്, കറ്റാർവാഴ, കാഞ്ഞിരം, കുന്നി, കൂവളം, ചിറ്റരത്ത്, കൊടുവേലി, ചെറുനാരകം, ജാതി, തുളസി, തെറ്റി, മാതളം, പ്ലാശ്, യൂക്കാലി, പുന്ന, മഞ്ഞക്കടമ്പ്, മട്ടി തുടങ്ങിയവ.

(ബി) മേല്പറഞ്ഞവയിൽ ഔഷധച്ചെടികൾ പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് ഒരു കേന്ദ്രസഹായ പദ്ധതി നടപ്പാക്കുന്നുണ്ട്. 2003-2004-ൽ ഇതിലേക്ക് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൃഷിയിടങ്ങളിൽ പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുന്ന ഔഷധ സസ്യകൃഷിയിടം വ്യാപിപ്പിക്കുക, കൃഷിക്കാർക്ക് പരിശീലനം നൽകുക എന്നിവയാണ് പരിപാടികൾ. കൂടാതെ ഔഷധസസ്യകൃഷി വികസനത്തിന് ഒരു ഹെർബൽ ബയോവാലിക്ക് രൂപം കൊടുക്കാനും നടപടി കൈക്കൊണ്ടുവരുന്നു.

തെങ്ങ് കൃഷിക്ക് രോഗപ്രതിരോധ ശേഷിയും ഗുണമേന്മയും ഉള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യാനും മരുന്ന് തളിയുൾപ്പെടെയുള്ള രോഗ നിയന്ത്രണ സഹായങ്ങൾ നൽകാനും മറ്റും കൃഷിവകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മറ്റ് മരങ്ങൾ നട്ടുവളർത്താൻ വനംവകുപ്പിൽനിന്നും സംസ്ഥാനത്തെ കർഷകർക്കും കുടുംബശ്രീ യൂണിറ്റുകൾക്കും ആവശ്യമായ പരിശീലനം നടത്തുകയും വിത്തുകൾ വിതരണം ചെയ്ത് നഴ്സറികൾ ഉണ്ടാക്കാൻ സഹായം നൽകുകയും ചെയ്യുന്നുണ്ട്.

(സി) ഇല്ല.

(ഡി) നിലവിൽ ഇത്തരത്തിലുള്ള പദ്ധതിയൊന്നും കൃഷിവകുപ്പിന്റെ പരിഗണനയിലില്ല.

ട്രഷറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടി

*10 [798] ശ്രീ. തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്:
" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly